**Athmaraksha.org**

ലേഖനം - അനുഭവം, സാക്ഷ്യം

## പവർ ഇവാഞ്ചലൈസേഷൻ 2033-Chev. Benny Punnathara




പന്തക്കുസ്താദിനം പത്രോസ് പ്രസംഗിച്ചപ്പോൾ ഒരത്ഭുതവും ഉണ്ടായില്ല. പക്ഷേ, 3000 പേർ സ്നാനപ്പെട്ടു. പവർ ഇവാഞ്ചലൈസേഷൻ എന്നാൽ ആത്മാവിനെ സ്പർശിക്കാൻ പറ്റുന്ന ശുശ്രൂഷ എന്നാണർത്ഥം. വർഷങ്ങൾക്കുമുമ്പ് കുളത്തുവയലിൽ നല്ല നിലയിൽ പ്രവർത്തിച്ച പാരലൽ കോളജ് മാറ്റി മോൺ. സി.ജെ. വർക്കിയച്ചൻ ധ്യാനകേന്ദ്രം തുടങ്ങി. അദ്ദേഹം പറഞ്ഞ ന്യായം മലബാറിൽ പള്ളിയും പള്ളിക്കൂടവും അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി ഇത്രയും കാലം ഏറെ സമയം ചെലവാക്കി. ഇനിയും ആത്മാക്കളുടെ രക്ഷയ്ക്കായി പ്രവർത്തിച്ചില്ലെങ്കിൽ ഈ ഭൗതിക പുരോഗതി പ്രയോജനശൂന്യമാകും. ആ പാരലൽ കോളജിൽ ധ്യാനം ആരംഭിച്ചപ്പോൾ നവീകരണത്തിൽ ഉണ്ടായിരുന്നവർ പോലും പരിഹസിച്ചു. വേണ്ടത്ര യാത്രാസൗകര്യം ഇല്ലാത്ത ഇവിടെ ആരു വരും എന്നായിരുന്നു സംശയം.

ഞാൻ അച്ചനോട് നാട്ടുകാരുടെ വർത്തമാനം അറിയിച്ചു. അച്ചൻ പറഞ്ഞു. ആളുകൾ വരുന്നത് ഒരുപാട് സൗകര്യം ഉള്ളിടത്തേക്കല്ല. കർത്താവ് പ്രവർത്തിക്കുന്നിടത്തേക്കാണ്. അച്ചൻ പറഞ്ഞതാണ് സത്യം എന്ന് കാലം തെളിയിച്ചു. കർത്താവ് പ്രവർത്തിക്കുക എന്നതാണ് പ്രധാനം.

അതുകൊണ്ടാണ് പവർ ഇവാഞ്ചലൈസേഷൻ എന്നാൽ നാമെന്തു പ്രവർത്തിക്കുന്നു എന്നതല്ല, കർത്താവ് നമ്മെ ഉപയോഗിക്കുന്നു എന്നതാണ്. നാം ശക്തമായി പ്രവർത്തിക്കുകയും എന്നാൽ ദൈവത്തിന്റെ പ്രവൃത്തി ശുശ്രൂഷയിൽ കുറയുകയും ചെയ്യുന്നതുകൊണ്ടാണ് നാം തളരുന്നത്. അതിനാൽ പുത്തൻ ഉണർവിന് ഒരുങ്ങുമ്പോൾ ദൈവത്തിന് പ്രവർത്തിക്കത്തക്കവിധം നമ്മെ വിട്ടുകൊടുക്കാൻ നമുക്കാകണം. ഈശോ ശിഷ്യരോട് ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കാൻ കല്പിച്ചു. എങ്കിലും അവർ ഇറങ്ങി ഓടിയില്ല. അവർ ഉന്നതത്തിൽ നിന്നുള്ള ശക്തിക്കുവേണ്ടി കാത്തിരുന്നു. നമ്മുടെ പല ശുശ്രൂഷകരും ശുശ്രൂഷകളും വഴിമുട്ടുന്നത് ദൈവത്തിന്റെ നിയോഗങ്ങൾ മനുഷ്യശക്തികൊണ്ട് നിറവേറ്റാൻ തീരുമാനിച്ചതു കൊണ്ടാണ്. എന്നാൽ കർത്താവിന്റെ ശക്തി നമ്മിൽ പ്രകടമായാലേ ഈ ദൗത്യങ്ങൾ നിറവേറ്റാൻ സാധിക്കൂ.

ലോകം മുഴുവൻ തിന്മ വ്യാപിക്കുകയാണ്. നമ്മുടെ ബുദ്ധികൊണ്ടും ശക്തികൊണ്ടും ഈ കടന്നുകയറ്റത്തെ ചെറുക്കാനാവില്ല. സ്വർഗ്ഗത്തിന്റെ ശക്തി നമ്മുക്ക് വേണം. അത് എങ്ങനെ നേടാം? ശക്തിയുടെ

ഉറവിടമായ ദൈവത്തോട് ചേർന്നു ജീവിക്കാതെ സാധിക്കില്ല. വരദാനങ്ങൾ കിട്ടുന്നത് നല്ലതാണ്. പക്ഷേ, എന്തുമാത്രം വരദാനങ്ങൾ ഉണ്ടായാലും ശക്തിയുടെ ഉറവിടമായ ദൈവത്തോടു ചേർന്നുള്ള ജീവിതം ഇല്ലെങ്കിൽ അവ പ്രയോജനമില്ലാത്തതാകും.

വിശുദ്ധ പാട്രിക്കിന്റെ ജീവിതം വലിയ മാതൃകയാണ്. കടൽക്കൊള്ളക്കാർ ഇംഗ്ലണ്ടിൽ നിന്നും അയർലണ്ടിലേക്ക് തട്ടിക്കൊണ്ടുപോയ അടിമച്ചെറുക്കനായിരുന്നു അദ്ദേഹം. അവിടെനിന്നും രക്ഷപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ അദ്ദേഹം അയർലണ്ടിലേക്ക് മടങ്ങി. ആ നാടിനെ അദ്ദേഹം ഒറ്റയ്ക്ക് ഈശോയ്ക്ക് വേണ്ടി നേടി. ദൈവാത്മാവിന്റെ ശക്തി അദ്ദേഹത്തിൽ എത്രമാത്രം ഉണ്ടായിരുന്നിരിക്കണം എന്ന് ഓർത്തുപോകാറുണ്ട്. ദൈവാത്രപി നിറഞ്ഞാൽ നമ്മിലൂടെ കർത്താവിന് ഈ ലോകത്തെ മാറ്റി മറിക്കാനാവും. ദൈവത്തിന് ഒരുപാട് പേരെ ആവശ്യമില്ല. ഒരുപാട് കഴിവുള്ളവരെയും വേണ്ട. ദൈവാത്മാവിന് പൂർണ്ണമായും വിധേയപ്പെടുന്ന ചുരുക്കം ചിലരെ മതി. അവരിലൂടെ ലോകത്തിന്റെ ഭാവി മാറ്റാൻ, സഭയെ രൂപപ്പെടുത്താൻ ദൈവത്തിനാവും. ദൈവാത്മാവിന് പ്രവർത്തിക്കത്തക്കവിധം നമ്മെ വിട്ടുകൊടുക്കുക. അതാണ് നാം ചെയ്യേണ്ടത്.

പരിശുദ്ധാത്മാവ് എന്തേ തോമാശ്ലീഹായെ കേരളത്തിലേക്കയച്ചു.? പാക്കിസ്ഥാനിലേക്കോ ശ്രീലങ്കയിലേക്കോ അയച്ചില്ല? ആദ്യനൂറ്റാണ്ടിൽതന്നെ ഇവിടെ സുവിശേഷം എത്താനും സഭ രൂപം കൊള്ളാനും ഇടയാക്കി. കരിസ്മാറ്റിക് നവീകരണത്തിന്റെ ചരിത്രം ഇതു നമുക്ക് മനസ്സിലാക്കി തരുന്നു. കത്തോലിക്കാ കരിസ്മാറ്റിക് നവീകരണം ആരംഭിച്ചത് അമേരിക്കയിലാണ്. അവിടം അതു കെട്ടുപോയി. ഇന്ത്യയിൽ വന്ന നവീകരണം ആഴത്തിൽ വളർന്നു.

എന്തുകൊണ്ട് നവീകരണത്തിന്റെ അഭിഷേകത്തിൽ മുങ്ങിക്കുളിക്കാൻ ദൈവം നമ്മെ അനുഗ്രഹിക്കുന്നു. ദൈവത്തിന് അനാദിയിലേ മലയാളികളെക്കുറിച്ച് ഒരു പദ്ധതി ഉണ്ടായിരുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന വിശേഷണം, മാർത്തോമ്മാ ഇന്ത്യയിൽ വന്നതിന്റെയും നവീകരണ അനുഭവത്തിന്റെ പ്രകാശത്തിലും നോക്കുമ്പോൾ എത്രയോ  സത്യം. ഈ അവസാന നാളുകളിൽ ലോകം മുഴുവൻ സുവിശേഷം എത്തിക്കാൻ ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. അതുകൊണ്ടാണ് കരിസ്മാറ്റിക് നവീകരണം ഇവിടെ ആഴപ്പെട്ടത്, തന്മൂലം നമുക്ക് വലിയ ഉത്തരവാദിത്വമുണ്ട്. കർത്താവ് നമ്മെ എന്തിനുവേണ്ടി എവിടേക്ക് വിളിച്ചു എന്ന് തിരിച്ചറിയണം. അവിടെ പൂർണമായി സമർപ്പിക്കുക നമ്മുടെ ചില സ്വപ്നങ്ങൾ പൂവണിയിക്കാനല്ല ദൈവം നമുക്ക് പരിശുദ്ധാത്മാവിനെ തരുന്നത്. നമ്മുടെ സ്വപ്നങ്ങളെ തകർത്താലേ ദൈവികസ്വപ്നങ്ങൾ പൂവണിയിക്കാൻ സാധിക്കൂ. ഞങ്ങളുടെ വിവാഹം കഴിഞ്ഞ കാലത്ത് എന്റെ ഭാര്യയ്ക്ക് കോതമംഗലത്തായിരുന്നു ജോലി. ഞാൻ മലബാറിലൊരു ബാങ്കിലും. ബാങ്കിന് കോതമംഗലത്തിനടുത്ത് നിരവധി ശാഖകളുണ്ട്. എത്രയും പെട്ടെന്ന് കോതമംഗലത്തേക്ക് സ്ഥലം മാറ്റം വാങ്ങി സുഖമായി ജീവിക്കാനായിരുന്നു പരിപാടി.

അങ്ങനെ ഇരിക്കെ, ദൈവം എന്നോടു പറയുന്നു ജോലി രാജിവയ്ക്കുക. എന്റെ കണക്കുകൾ തകിടം മറിക്കുന്ന വിളിയായിരുന്നു അത്. ദൈവത്തിന്റെ ശബ്ദമാണത് എന്ന് ആത്മീയ ഗുരുക്കന്മാരിലൂടെ ബോധ്യമായപ്പോൾ ഞാൻ ജോലി രാജിവച്ചു. മണ്ടത്തരമാണ് ചെയ്യുന്നതെന്ന് പലരും ഉപദേശിച്ചു. ജോലിയും സുവിശേഷവേലയും ഒന്നിച്ചു കൊണ്ടുപോകാമെന്ന് പലരും പറഞ്ഞു. ഫുൾടൈം സുവിശേഷം പറയാൻ വൈദീകരും കന്യാസ്ത്രീകളും ഉണ്ടല്ലോ എന്നും ഓർമ്മിപ്പിച്ചു. ചിലർ ഭാര്യയോടും മക്കളോടും ഉള്ള ഉത്തരവാദിത്വം ഓർമ്മിപ്പിച്ച് നിരുത്സാഹപ്പെടുത്തി. ഞാൻ ജോലി ചെയ്ത ബാങ്കിന്റെ മാനേജ്മെന്റിനേക്കാൾ വിശ്വസ്തനാണ് എന്റെ കർത്താവ് എന്ന് ഞാൻ മറുപടി പറഞ്ഞു. ഞാൻ കർത്താവിന്റെ ജോലി ചെയ്യുമ്പോൾ എന്റെ മക്കൾ പട്ടിണി കിടക്കാൻ അവിടുന്ന് അനുവദിക്കില്ല എന്ന് ഞാൻ വിശ്വസിച്ചു.

20 വർഷം പിന്നിട്ടു. ദൈവം എപ്പോഴും എന്നെ കരുതി. രാജിവയ്ക്കുമ്പോൾ ഞാൻ ഒരുകാര്യം കർത്താവിനോട്  പറഞ്ഞു. ഒന്ന്, ഭാര്യയായ സ്റ്റെല്ല അനുവദിക്കണം. രണ്ട്, എനിക്ക് എന്തെല്ലാം സാമ്പത്തിക ആവശ്യം ഉണ്ടായാലും ഞാൻ മനുഷ്യരോട് കടം ചോദിക്കില്ല. ഇന്നുവരെ കർത്താവ് എന്നെ കരുതി. വാക്കു പാലിച്ചു. ഒരു രാജ്യത്തും ഞാൻ പണശേഖരണം നടത്തിയിട്ടില്ല. ശാലോം ടി.വി.യ്ക്കുവേണ്ടി പോലും. ദൈവത്തിൽ പൂർണമായും വിശ്വസിച്ചാലേ നമുക്ക് രണ്ടുകൈയ്യും വിട്ട് ചാടാൻ സാധിക്കുകയുള്ളൂ. പലരുടെയും ഭീതി ഭൗതിക കാര്യങ്ങളിലാണ്. സാമ്പത്തിക മേഖലയിലാണ്.

പലരെയും പിന്നോട്ട് വലിക്കുന്ന ചിന്തയാണത്. ഈശോ പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും തേടുന്നവർക്ക് എല്ലാം കൂട്ടിച്ചേർത്തു തരുമെന്ന്. ശാലോം ടി.വി.യുടെ തുടക്കക്കാലത്ത് സ്റ്റുഡിയോയുടെ പണി നടക്കുമ്പോൾ കൂലികൊടുക്കാനുള്ള പണം പോലും ഇല്ലാതെ വിഷമിച്ചിട്ടുണ്ട്. അക്കാലത്ത് വിദേശത്തുള്ള പലരും അവിടെ ചെന്നാൽ പണം ഉണ്ടാക്കിത്തരാം എന്ന് എന്നോട് പറഞ്ഞിട്ടുണ്ട്. കേട്ടപ്പോൾ നല്ല ആശയമായി എനിക്കും തോന്നി. കർത്താവിനു വേണ്ടിയല്ലേ എന്ന ന്യായവും കണ്ടു. പക്ഷേ വിഷയം സമർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ കർത്താവ് ആഗ്രഹിക്കുന്നില്ല എന്ന് കണ്ടു. വിദേശത്തുനിന്ന് പണം കൊണ്ടുവന്ന് എത്രകാലം ചാനൽ നടത്താനാവും? തുടങ്ങുന്നതിനേക്കാൾ പണം നിലനിർത്താൻ വേണം. എല്ലാക്കാലത്തും പിരിച്ചുകൊണ്ടുവന്ന് ചാനൽ നടക്കില്ല. അങ്ങനെ തുടങ്ങുന്നതിൽ അർത്ഥമില്ല. അങ്ങനെ തുടങ്ങിയാൽ അതു കർത്താവിന്റേതാവില്ല.

ഇനി വിദേശത്തേക്കു പോയാൽ എന്താണ് ചെയ്യുക? അവിടെ ക്രമീകരിച്ചിരിക്കുന്നത് ധ്യാനമാണ്. ഇതിലൂടെ കുറേ ഫണ്ട് ലഭിക്കുമായിരിക്കും. എന്നാൽ അതൊരു വഞ്ചനയാവും എന്ന് എനിക്ക് തോന്നി. അതുകൊണ്ട് ധ്യാനശുശ്രൂഷയുടെ മറവിൽ ഫണ്ട് വേണ്ട. ദൈവം അത് ആഗ്രഹിക്കുന്നില്ല എന്ന് മനസിലായി. അതുകൊണ്ട് ഞാൻ തീരുമാനിച്ചു. ശാലോം ടി.വി. നടപ്പാകുന്നില്ലെങ്കിൽ വേണ്ട. അതിനായി ഞാൻ വിദേശത്തുപോകില്ല. 2003 മുതൽ 2007 വരെ ഞാൻ ഒരു വിദേശ രാജ്യത്തും പോയില്ല. പണം ഏറെ ആവശ്യമുള്ള കാലമാണ്. ബലഹീനത കൊണ്ട് ഞാൻ ചിലപ്പോൾ പണം ആഗ്രഹിച്ചുപോകും. അതൊരു തെറ്റിലേക്ക് നയിക്കാം. 2007 ആയപ്പോഴേക്കും ശാലോം ടി.വി. ഏതാണ്ട് അംഗീകരിക്കപ്പെട്ടു. ഏകദേശം എല്ലാം ക്രമത്തിലായി. അതിനുശേഷമാണ് ഞാൻ ഒരു വിദേശ ശുശ്രൂഷ ഏറ്റെടുത്തത്. ഇത് സാക്ഷ്യപ്പെടുത്തുന്നത് എന്തിനെന്നോ? 11 വർഷമായി ശാലോം ടി വി. ആരംഭിച്ചിട്ട്. ഈ 11 വർഷവും ദൈവത്തിന്റെ ശുശ്രൂഷ ഒന്നിനും കുറവില്ലാതെ മുന്നോട്ടു പോകുന്നു.

ഇന്നും ആയിരങ്ങളുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ച് ഓരോ മാസവും നിലനിൽക്കാനുള്ള പണം ലഭിക്കുന്നു. നമ്മുടെ ദൈവം വിശ്വസ്തനാണ്. അവിടുന്ന് പറയുന്നത് അനുസരിച്ചാൽ അവിടുന്ന് വാക്കുമാറാതെ നമുക്കൊപ്പം ഉണ്ടാവും. അതിനാൽ കർത്താവിനെ അനുസരിക്കുന്നതിൽ ഭയപ്പെടേണ്ട. കർത്താവിനു വേണ്ടി നഷ്ടപ്പെടുത്തുന്നതിൽ ഭയംവേണ്ട, നാം ദൈവകരങ്ങളിലും ആ വഴിയിലുമാണെന്ന് ബോധ്യമുണ്ടാകണം. ദാവീദ് ഗോലിയാത്തിനെ നേരിടാൻ പോയപ്പോൾ മിനുസമുള്ള അഞ്ചു കല്ലുകൾ സഞ്ചിയിലിട്ടു. ആദ്യത്തെ കല്ല് കവിണയിൽ വച്ചപ്പോൾ തന്നെ ഗോലിയാത്ത് വീണു. ബാക്കി നാലു കല്ലുകൾ സഞ്ചിയിൽ ഉണ്ട്. ആ നാലു കല്ലും ദാവീദ് ഉപയോഗിച്ചില്ലല്ലോ എന്ന് നാരാശപ്പെടുന്നില്ല. അവ അവന്റെ സഞ്ചിയിലുണ്ട്. നാളെ ഒരു സിംഹത്തെയോ ചെന്നായെയോ നേരിടാൻ ഇതു വേണ്ടി വന്നേക്കാം. നമ്മളും നിരാശപ്പെടരുത്. സമയം വരുമ്പോൾ കർത്താവ് ഉപയോഗിക്കും. എന്നെ മിനുക്കിയ അസ്ത്രമായി അവിടുന്ന് സൂക്ഷിക്കുന്നു. വിശുദ്ധ കൊച്ചുത്രേസ്യ സ്വയം പറഞ്ഞത് ഞാൻ ഈശോയുടെ കൈയിലെ കളിപ്പന്താണെന്നാണ്.

ചിലപ്പോൾ പന്തിൽ നോക്കി ഇരിക്കും. വേറെ ചിലപ്പോൾ എറിഞ്ഞു കളിക്കും. ചിലപ്പോൾ ഒരു മൂലയിൽ ഇടും. ഒന്നും എന്നെ ഉപേക്ഷിച്ചതുകൊണ്ടല്ല. ഇന്നലെകളിൽ എന്നെ ഉപയോഗിച്ചു. ഇന്ന് ഉപയോഗിക്കുന്നില്ല. അതുകൊണ്ട് തളരരുത്. നിന്റെ കർത്താവ് നിന്നെ തേടിവരും. സമയം അവന്റെ കൈയ്യിൽ പന്തായി മാറാൻ തയ്യാറായി ഇരിക്കുക.

എന്റെ വിവാഹം നടക്കുന്ന കാലത്ത് ഞാനും സ്റ്റെല്ലയും ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ സജീവമായിരുന്നു. ഞങ്ങൾ വിവാഹിതരായാൽ നവീകരണ മേഖലകളിൽ ശക്തമായി ഒന്നിച്ച് പ്രവർത്തിക്കാനാകും എന്നായിരുന്നു നേതൃത്വത്തിൽ പലരും കണക്കുകൂട്ടിയത്. എന്നാൽ അനുഭവങ്ങൾ വിപരീതമായി. ഒരിടത്തും ഒന്നിനും പോകാൻ പറ്റാതായി. സ്റ്റെല്ല ഇടുക്കിയിൽ, ഞാൻ മലബാറിൽ. വളരെ ചുരുങ്ങിയ ദിവസമാണ് ബാങ്കിന് അവധി. തന്മൂലം ശുശ്രൂഷകൾ കുറഞ്ഞു. പിന്നെ രോഗങ്ങൾ... പല കാരണങ്ങൾകൊണ്ടും മൂന്ന് വർഷമായപ്പോഴേക്കും നവീകരണപ്രവർത്തനങ്ങളിൽ നിന്നെല്ലാം ഞങ്ങൾ ഒഴിവായി. ആഗ്രഹമുണ്ട്, പക്ഷേ, നടക്കുന്നില്ല. എല്ലാവരും പറഞ്ഞു കല്യാണം കഴിഞ്ഞതോടെ അരൂപി പോയെന്നും കർത്താവിനെ മറന്നെന്നും. ഇതൊക്കെ കേൾക്കുമ്പോൾ വല്ലാത്ത ഹൃദയവേദന. ഒരു ക്രിസ്ത്യാനിപോലും ഇല്ലാത്ത, മലബാറിലെ കുഗ്രാമത്തിൽ ഒറ്റപ്പെട്ടു ജീവിച്ച ആ മൂന്നുവർഷം.

ദൈവിക ശുശ്രൂഷയെക്കുറിച്ച് ഞങ്ങൾ കണ്ട സ്വപ്നങ്ങളെല്ലാം തകിടം മറിഞ്ഞ കാലം. കൂട്ടായ്മപോലും ഇല്ലാത്ത നാളുകൾ. അന്നാണ് ദൈവം ശാലോം ഗ്രൂപ്പിന് രൂപം കൊടുത്തത്. ദൈവം മൂന്ന് വർഷം മുഖ്യധാരയിൽ നിന്ന് ഞങ്ങളെ മാറ്റി നിർത്തിയത് എന്തിനാണെന്ന് ഇന്ന് മനസിലാകുന്നു. കർത്താവ് തരുന്ന പുതിയ സ്വപ്നമായ ശാലോമിനെ സ്വീകരിക്കാൻ ഞങ്ങളെ ഒരുക്കുകയായിരുന്നു. പഴയതുപോലെ ഓടി നടന്നാൽ പറ്റില്ലെന്ന് കർത്താവിനറിയാം. ഇതുപോലെ ദൈവം നമ്മെ ചിലപ്പോൾ നമ്മുടെ കർമ്മമേഖലകളിൽനിന്നും മാറ്റി നിർത്തും.

അതു പുത്തൻ അഭിഷേകം തരാനാണ്. പുതിയ സ്വപ്നങ്ങൾ വെളിപ്പെട്ടു കിട്ടാനാണ്. ഈ ശൂന്യതയിൽ നിന്നും ഒളിച്ചോടരുത്. നാം അതു സ്വീകരിക്കണം. ഈ മരുഭൂമി അനുഭവങ്ങളിലാണ് വെളിപാടുകൾ ലഭിക്കുന്നത്. ധാരാളം വെള്ളമുള്ള പ്രദേശത്തു കുടിയായിരുന്ന ഇസ്രയേൽക്കാർ മടങ്ങിയതെങ്കിൽ പാറയിൽ നിന്നും ജലം തരുന്ന ദൈവത്തെ എങ്ങനെ അവർ അറിയുമായിരുന്നു. ഭക്ഷണ സമൃദ്ധി ഉണ്ടായിരുന്നെങ്കിൽ കാടപക്ഷിയും മന്നായും തരുന്ന ദൈവത്തെ എങ്ങനെ അനുഭവിക്കുമായിരുന്നു? മരുഭൂമിയിലേക്ക് കൊണ്ടുപോകുന്നത് ദൈവസ്നേഹമാണ്. ചിലപ്പോൾ അവിടെ എത്താൻ കാരണം മറ്റു മനുഷ്യരാവാം, അവരുടെ അസൂയയും മാത്സര്യവും ആകാം. ഈ മരുഭൂമി സൃഷ്ടിച്ചതും ദൈവമാണെന്ന് ഓർമ്മിക്കുക. അവിടെ ദൈവം നിശ്ചയിച്ചിരിക്കുന്നിടത്തോളം കാലം ജീവിക്കുമ്പോഴാണ് പുത്തൻ അഭിഷേകം കിട്ടുക.

ശാലോം മാസിക തുടങ്ങിയ കാലം. ഇന്ത്യയിലെ അക്കാലത്തുള്ള മിക്കവാറും ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ വിലകുറഞ്ഞ പേപ്പറിലാണ് അച്ചടിച്ചത്. എന്നാൽ, സിനിമാ മാസിക പോലുള്ളവ വിലകൂടിയ കടലാസിലും. ദൈവം മനുഷ്യന് നൽകിയ വലിയ ദാനമാണ് അച്ചടി വിദ്യയും മറ്റും. അത് ദൈവമഹത്വത്തിന് ഉപയോഗിക്കാതെ പിശാച് ഉപയോഗിക്കുന്നു. ദൈവവചനം ഏറ്റവും നല്ല കലടാസിൽ അച്ചടിക്കണമെന്ന് ഞാൻ തീരുമാനിച്ചു. ഇന്ത്യയിലെ ആദ്യത്തെ ആത്മീയ മാസിക മലബാറിലെ ഒരു കുഗ്രാമത്തിൽ നിന്നും മെഴുകുതിരി വെട്ടത്തിലാണ് പുറത്തുവന്നത്. അതുകണ്ട ചിലർ ചോദിച്ചു. കർത്താവിനെന്താ കളർ? നമ്മുടെ കർത്താവ് ദാരിദ്ര്യത്തിലല്ലേ ജീവിച്ചത്. കലടാസു മാറ്റിയാൽ കുറച്ചുകൂടി വിലകുറച്ചു ജനത്തിന് കൊടുക്കരുതോ? എങ്കിലും പിൽക്കാലത്ത് എല്ലാവരും നല്ല കടലാസിലേക്ക് വന്നു. ദൈവത്തിന് കൊടുക്കുന്നത് ഏറ്റവും നന്നായി കൊടുക്കണം എന്ന് അന്നുമുതൽ തീരുമാനിച്ചു.

സൺഡേ ശാലോം തുടങ്ങുമ്പോൾ സ്വന്തമായി കമ്പ്യൂട്ടറോ സംവിധാനങ്ങളോ ഇല്ല. ടെലിവിഷൻ തുടങ്ങുമ്പോൾ ഒരു ലക്ഷം രൂപ പോലും ഇല്ല. എന്നാൽ, ദൈവദർശനങ്ങളോട് വിശ്വസ്തത പുലർത്തിയപ്പോൾ ദൈവം അത്ഭുതം ചെയ്തു. സാഹചര്യങ്ങളിലേക്കോ കഴിവുകളിലേക്കോ നോക്കിയല്ല നാം ശുശ്രൂഷ ചെയ്യേണ്ടത്. നമ്മുടെ കഴിവിന് ഉപരിയായ ശുശ്രൂഷയ്ക്കാണ് ദൈവം പരിശുദ്ധാത്മാവിനെ തരുന്നത്. തന്മൂലം വലിയ കാര്യങ്ങൾക്കായി നമ്മുക്ക് പ്രാർത്ഥിക്കാം. ദൈവം നമ്മെ അതിനായി ഒരുക്കട്ടെ.